(ബി) കേരളം ഇപ്പോൾ തമിഴ്നാടിന് ആനമലയാറിൽ നിന്നും വെള്ളം വിട്ടുകൊടുക്കുന്നില്ല. കരാർ പ്രകാരം ഇടമലയാർ പദ്ധതിയുടെ പണി പൂർത്തിയായ ശേഷം കേരളം തമിഴ്നാടിന് ആനമലയാറിൽ നിന്നും 2.5 റ്റി.എം.സി. അടി ജലം ലഭ്യമാക്കേണ്ടതുണ്ട്.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിലെ വ്യവസ്ഥ അനുസരിച്ച് 1970 മുതൽ പത്തുവർഷം പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിലെ ജലലഭ്യത കണക്കാക്കിയപ്പോൾ പ്രതീക്ഷിച്ച അളവിൽ ഈ ഡാമുകൾക്ക് യീൽഡ് ഇല്ല എന്ന് വ്യക്തമായിരുന്നു. യഥാർത്ഥത്തിലുള്ള ജലലഭ്യതയുടെ അടിസ്ഥാനത്തിൽ വിഭജനം സംബന്ധിച്ച് കരാർ വ്യവസ്ഥ പുനരവലോകനം ചെയ്ത് കേരളത്തിനർഹതപ്പെട്ട ജലം നേടിയെടുക്കാനുള്ള ശ്രമം അന്നുതന്നെ സർക്കാർ തലത്തിൽ നടത്തിയിട്ടുണ്ട്. 1988-ൽ കേരളം തമിഴ്നാടിന് കൈമാറിയ മെമ്മോറാണ്ടത്തിലും തുടർന്നു നടന്ന എല്ലാ ചർച്ചകളിലും ഈ വിഷയം അടിയന്തിര പ്രാധാന്യത്തോടെ തന്നെ പരാമർശിച്ചിട്ടുണ്ട്. ഇപ്പോൾ നടക്കുന്ന കരാർ പുനരവലോകന ചർച്ചയിൽ ഈ വിഷയം സംബന്ധിച്ച് കേരളത്തിന് അനുകൂലമായ ഒരു തീരുമാനം ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ബാഷ്പീകരണ നഷ്ടം കണക്കാക്കാൻ കരാറിൽ പറഞ്ഞിട്ടുള്ള സൂത്രവാക്യത്തിൽ ലോവർ നീരാറിലെ ജലം രണ്ടുതവണ കണക്കിലെടുത്തിട്ടുണ്ടെങ്കിലും യഥാർത്ഥത്തിലുള്ള ജലവിഭജനത്തിൽ ലോവർ നീരാറിലെ ജലം ഒരു പ്രാവശ്യം മാത്രമേ കണക്കിലെടുത്തിട്ടുള്ളൂ. ജലവിഭജനം സംബന്ധിച്ച വ്യവസ്ഥകളിലും സാമ്പത്തിക വ്യവസ്ഥകളിലും ഇത് തികച്ചും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സർക്കാർ പതി പവർഹൗസിലൂടെ പുറത്തേക്കുവരുന്ന വെള്ളം അളന്നു തിട്ടപ്പെടുത്തി ജലവിഭജനം നടത്തുന്നതിനാൽ രണ്ടുതവണ തമിഴ്നാട് ലോവർ നീരാറിലെ വെള്ളത്തിന് അർഹത നേടുന്നില്ല.

ഉൾനാടൻ മത്സ്യസമ്പത്ത്

77 [1880] ശ്രീ. കെ. എൻ. എ. ഖാദർ:
,, ടി. പി. എം. സാഹിർ:
,, സി. മമ്മൂട്ടി:
,, പി. കെ. കെ. ബാവ:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി കഴിഞ്ഞ മൂന്നു വർഷങ്ങളിലെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിച്ചത് സംബന്ധിച്ച കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താഴെ പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്:

1. എല്ലാ ജില്ലകളിലും ഒരെണ്ണം എന്ന കണക്കിൽ 14 മത്സ്യകർഷക വികസന ഏജൻസികൾ പ്രവർത്തിക്കുന്നു.

2. ഓരുജല മത്സ്യക്കൃഷി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമാക്കി 6 ഓരുജല മത്സ്യകർഷക വികസന ഏജൻസികളും പ്രവർത്തിക്കുന്നുണ്ട്.

3. മത്സ്യകർഷക വികസന ഏജൻസികൾക്കും 90 ലക്ഷം രൂപ ഓരുജല മത്സ്യ കർഷക വികസന ഏജൻസികൾക്കുമായി ഈ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

4. അടാക്കിന്റെ മേൽനോട്ടത്തിൽ എറണാകുളം ജില്ലയിലെ പൊക്കാളി നിലങ്ങൾ, തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങൾ, കുട്ടനാടൻ പാടശേഖരങ്ങൾ എന്നിവിടങ്ങളിൽ നെൽക്കൃഷി കഴിഞ്ഞുള്ള ഇടവേളകളിൽ മത്സ്യക്കൃഷി നടപ്പാക്കി വരുന്നുണ്ട്.

5. ചെമ്മീൻ കൃഷിക്കാർ മത്സ്യക്കൃഷിക്കായി വാങ്ങുന്ന ചെമ്മീൻ കുഞ്ഞുങ്ങൾ അണുരോഗവിമുക്തമാണോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് 3 പി.സി.ആർ. ലാബ് ടെസ്റ്റ് കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു.

6. എറണാകുളം ജില്ലയിലെ പറവൂരിൽ ലബോറട്ടറി സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ചെമ്മീൻ കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി അഡാക്കിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ ഓടയത്ത് ഒരു ഹാച്ചറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു.

7. മത്സ്യവിഭവ സംരക്ഷണത്തിനും പരിപാലനത്തിനും ഫിർമ മുഖാന്തിരം പദ്ധതികൾ നടപ്പിലാക്കിയും, വാണിജ്യ പ്രാധാന്യമുള്ള മത്സ്യങ്ങളുടെ പ്രകൃതിദത്ത നഴ്സറികളായ കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്നതിനും തീരപ്രദേശത്ത് പുതിയവ വച്ചു പിടിപ്പിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

8. വംശനാശ ഭീഷണി നേരിടുന്ന മഹസീർ മത്സ്യത്തിന്റെ വിത്തുൽപ്പാദനത്തിനും വളർത്തലിനുമായി ഫിർമ പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതിനു പുറമേ നദികളിലേയും ജലാശയങ്ങളിലേയും മത്സ്യസമ്പത്തിനെക്കുറിച്ച് സർവേയും സംരക്ഷിക്കുന്നതിനമുള്ള പഠനവും ഫിർമ നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണക്ക് ചുവടെ ചേർക്കുന്നു:

വർഷം		മത്സ്യോൽപ്പാദനം
2001-2002	..	78039 മെ. ടൺ
2002-2003	..	75036 ,,
2003-2004	..	76279 ,,

തനതായ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് നടപടി

78 [1881] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനതായ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) നിലവിൽ ഏതെല്ലാം ഇനം മത്സ്യങ്ങളാണ് ഭക്ഷണത്തിന് ഉപയോഗിക്കുന്നത്;

(സി) വംശനാശം നേരിട്ട മത്സ്യങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിലെ നദികളിലേയും ജലസംഭരണികളിലേയും തനത് മത്സ്യങ്ങളേയും വംശനാശ ഭീഷണി നേരിടുന്ന മത്സ്യങ്ങളേയും കുറിച്ച് സർവേയും പഠനവും നടത്തിവരുന്നു.

(ബി) ഉൾനാടൻ ജലാശയങ്ങളിൽ വളരുന്ന വരാൽ, മുശി, കാരി, വാള, കരിമീൻ, പലതരം പരൽ, കുയിൽ മീൻ എന്നിവയും വളർത്തുമത്സ്യങ്ങളായ കട്ല, രോഹു, മൃഗാൽ, സൈപ്രിനസ്, തിലാപ്പിയ എന്നിവ.

(സി) മുഴുവൻ പേരുവിവരം ലഭ്യമല്ല. എന്നാൽ മഞ്ഞകൂരി, വാക, വരാൽ, കാരി, കുയിൽ മീൻ തുടങ്ങിയവ വംശനാശ ഭീഷണി നേരിടുന്നു.

കുന്തിപ്പുഴയിൽ കാണപ്പെടുന്ന മത്സ്യങ്ങൾ

79 [1882] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, പി. ജെ. ജോയി:
,, എം. പി. ഗംഗാധരൻ:
,, ഇ. എം. അഗസ്തി:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്തിപ്പുഴയിൽ എത്രയിനം മത്സ്യങ്ങൾ കാണപ്പെടുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly